## 18 ജൂലൈ 2010

# പെന്തിക്കോസ്തിക്കുശേഷം എട്ടാം ഞായർ

## മത്താ 19:1-12

ഫാ. പ്രഭീഷ് ജോർജ്ജ്

ഏതൊരു സമൂഹത്തിന്റെയും അടിസ്ഥാന ഘടകമാണ് കുടുംബം. വിവാഹബന്ധത്തിലൂടെയാണ് കുടുംബങ്ങൾ സ്ഥാപിക്കപ്പെടുന്നത്. നമ്മുടെ വിശ്വാസമനുസരിച്ച് വിവാഹം ഒരു കൂദാശയാണ്. കാരണം ഇത് ദൈവത്താൽ സ്ഥാപിതമാണ്. ദൈവമാണ് വിവാഹജീവിതത്തിലേയ്ക്ക് വ്യക്തികളെ തെരഞ്ഞെടുക്കുന്നതും അതിനായി അനുഗ്രഹിക്കുന്നതും. അതുകൊണ്ടാണ്, യേശുതമ്പുരാൻ അരുളിചെയ്തത്, "ദൈവകൃപലഭിച്ചവരല്ലാതെ" ആർക്കും ഇത് മനസിലാക്കാനോ ഇതിലേയ്ക്ക് പ്രവേശിക്കാനോ സാധ്യമല്ല എന്ന്.

വിവാഹത്തെക്കുറിച്ചുള്ള യഹൂദന്മാരുടെ കാഴ്ചപ്പാടിനെ തിരുത്തുന്ന യേശുവിനെയാണ് നാമിന്ന് വായിച്ചുകേട്ട സുവിശേഷ ഭാഗത്തു കാണുന്നത്. കർത്താവിൽ നിന്ന് പഠിക്കാനല്ല, കർത്താവിനെ പരീക്ഷിക്കാനായിട്ടാണ് ഫരിസേയർ യേശുവിനെ സമീപിക്കുന്നത്. അവരുമായുള്ള വാഗ്വാദത്തിലൂടെ വിവാഹത്തെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചുമുള്ള ദൈവീകമായ ദർശനം കർത്താവ് നമുക്ക് പകർന്നുതരികയാണ്. നിയമത്തിന്റെ നൂലാമാലകളിൽ മനുഷ്യജീവിതത്തെ കുരുക്കുന്ന ന്യായാധിപരുടെ കണ്ണുകളാണ് ഫരിസേയരുടെ പ്രവർത്തികൾക്ക് പിന്നിലെന്ന് നമുക്ക് കാണാം. നിയമം, മനുഷ്യനെ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങളിലേയ്ക്ക് നയിക്കാനുള്ള ചവിട്ടുപടികളാണെന്ന സത്യം മറന്നുകൊണ്ട് നിയമത്തിന് വ്യാഖ്യാനം നൽകുന്ന ഫരിസേയ മനോഭാവം പലപ്പോഴും ദൈവീകപദ്ധതികൾക്ക് വിരുദ്ധമാകുന്നു.

വിവാഹത്തെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാടുകളുമായാണ് ഫരിസേയർ യേശുവിനെ സമീപിച്ചത്. നിയമത്തിന്റെ കണ്ണുകളോടെ വിവാഹജീവിതത്തെയും കുടുംബജീവിതത്തെയും വിലയിരുത്തുന്ന ഫരിസേയർക്ക് വിവാഹം വെറുമൊരു ഉടമ്പടി മാത്രമാണ്. സ്ത്രീയും പുരുഷനും തമ്മിലുള്ള ഉടമ്പടി. അതുകൊണ്ട് ഉടമ്പടിയുടെ വ്യവസ്ഥകളനുസരിച്ച് വിവാഹജീവിതം തുടരുകയോ അവസാനിപ്പിക്കുകയോ ചെയ്യാമെന്ന് അവർ ചിന്തിക്കുന്നു. ഇതിൽ നിന്ന് വേറിട്ട ഒരു ദർശനം കർത്താവ് നൽകുകയാണ്. ഈ ഉടമ്പടി സ്ത്രീയും പുരുഷനും തമ്മിലല്ല, മറിച്ച്, സ്ത്രീയും പുരുഷനും ഒന്നിച്ച് ദൈവവുമായി ഉണ്ടാക്കുന്നതാണ്. മരണംവരെ ദൈവത്തോട് വിശ്വസ്തരായിരിക്കാൻ അങ്ങനെ ഈ ഉടമ്പടി പൂർത്തിയാക്കാൻ സ്ത്രീയും പുരുഷനും ബാദ്ധ്യസ്ഥരാണ്.

വിവാഹത്തെ സംബന്ധിച്ച നിയമങ്ങളുടെ പരമമായ ലക്ഷ്യം വിവാഹബന്ധത്തിലേർപ്പെട്ടിരിക്കുന്ന വ്യക്തികളെ ദൈവീകപദ്ധതിയനുസരിച്ച് ജീവിക്കാൻ സഹായിക്കുക എന്നതാണ്. എന്നാൽ, ഫരിസേയർ ഈ നിയമത്തിന്റെ ചുവടുപിടിച്ച് വിവാഹമോചനത്തിന്റെ സാധ്യതകൾ തേടുകയാണ്. ലക്ഷ്യത്തിലേയ്ക്ക് നയിക്കാത്ത ദർശനങ്ങൾ വഴിപിഴച്ചതാണ്. വിവാഹത്തെ കുറിച്ചുള്ള ദൈവിക പദ്ധതി സൃഷ്ടികർമ്മം മുതൽക്കേ നാം കാണുന്നുണ്ട്. "സ്രഷ്ടാവ് ആദിമുതലേ അവരെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോട് ചേർന്നിരിക്കും. അവർ ഇരുവരും ഏകശരീരമായിത്തീരും." മനുഷ്യരെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതിലൂടെ സൃഷ്ടാവ് വിവാഹബന്ധത്തിന് അടിസ്ഥാനമിടുന്നു. പരസ്പരം ഒന്നായി സൃഷ്ടികർമ്മത്തിന്റെ ലക്ഷ്യം പൂർത്തിയാക്കുക. ഇവിടെ ഈ ലക്ഷ്യത്തിന് മാർഗതടസം സൃഷ്ടിക്കാൻ ആർക്കും അധികാരമോ അവകാശമോ ഇല്ല. അതിനാൽ വിവാഹമോചനത്തെക്കുറിച്ചുള്ള ചിന്തകൾപോലും അസ്ഥാനത്താണെന്ന് ക്രിസ്തുതമ്പുരാൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ദൈവീക പദ്ധതി എന്തെന്ന് ക്രിസ്തുനാഥൻ വളരെ അസന്നിഗ്ദമായി വ്യക്തമാക്കുന്നു. "ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ."

പഴയനിയമത്തിൽ ജനത്തിന്റെ ജീവിതക്രമത്തിന് സഹായകമായി മോശ നിയമം നൽകിയ

പ്പോൾ വിവാഹമോചനത്തെക്കുറിച്ച് സൂചിപ്പിക്കാൻ കാരണം ആ ജനത്തിന്റെ ഹൃദയകാഠിന്യമാണ് എന്നാണ് ക്രിസ്തു നാഥൻ പറയുന്നത്. നിയമത്തെ ഹൃദയത്തിൽ – സ്നേഹത്തിൽ– സംഗ്രഹിക്കാനും പ്രവർത്തിക്കാനും സാധിക്കാത്തവർക്ക് മറ്റുള്ളവരോട് ഹൃദയപൂർവം പെരുമാറാൻ സാധിക്കില്ല. ഭർത്താവിന് ഭാര്യയോട് ഹൃദയപൂർവം സഹവർത്തിക്കാൻ സാധിക്കാതെ വരുമ്പോഴാണ് വിവാഹമോചനത്തെ ക്കുറിച്ചുള്ള ചിന്തകൾ ഉടലെടുക്കുന്നത്. ഭാര്യയ്ക്ക് ഭർത്താവിനെ ഹൃദ്യമായി ശുശ്രൂഷിക്കാൻ കഴിയാതെവരുമ്പോൾ വിവാഹബന്ധം ഒരു ബന്ധനമായും, അതിനാൽ തന്നെ അതിൽനിന്നുള്ള വിടുതൽ അനിവാര്യമാണെന്നും ചിന്തിക്കുന്നു.

നാമിന്നു ജീവിക്കുന്ന സമൂഹത്തിൽ കുടുംബബന്ധങ്ങളുടെ ഭദ്രത ഒരു വലിയ ചോദ്യമായി നിലനിൽക്കുന്നു. വിവാഹത്തെ കൂദാശയായി മനസിലാക്കാനോ ജീവിക്കാനോ സാധിക്കാത്ത ദമ്പതിമാരുടെ എണ്ണം വർദ്ധിക്കുന്നു. വിവാഹമെന്ന കൂദാശയിലൂടെ പകർന്നു നൽകേണ്ട കൃപാവരത്തിന്റെ ചാലുകളായി വർദ്ധിക്കാൻ മടിക്കുന്ന യുവതി യുവാക്കന്മാർ ഹൃദയം കഠിനമാക്കിയ പഴയ നിയമ ജനതയുടെ പിൻതുടർച്ചക്കാരാണ്. കുടുംബബന്ധം സ്നേഹബന്ധമാണെന്നും അതിനാൽ, അനുദിനം സ്നേഹബന്ധത്തിൽ വളരാൻ ജീവിതപങ്കാളികൾ പരിശ്രമിക്കേണ്ടത് ആവശ്യമാണ്. അനുഗ്രഹീതമായ കുടുംബങ്ങൾ സന്തോഷകരമായ പുതിയ തലമുറയ്ക്കും അങ്ങനെ ഐശ്വര്യസമൃദ്ധമായ ഒരു നല്ലനാളേയ്ക്കുമുള്ള ദൈവത്തിന്റെ വാഗ്ദാനമാണെന്ന് നാം തിരിച്ചറിയണം.

**********************